പത്രക്കുറിപ്പ്

# രണ്ടേകാൽ ലക്ഷം വിലയുള്ള അലങ്കാര പക്ഷികളെ മോഷ്ടിച്ച കേസിൽ 3 പേർ പിടിയിൽ

## തിരുവനന്തപുരം സിറ്റി പോലീസ് ഡിസ്ട്രിക്ട് ട്രെയിനിംഗ് സെന്ററും, അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും ഉത്ഘാടനം ചെയ്തു

തിരുവനന്തപുരം :- കരമന നെടുങ്കാട്ടുള്ള വീട്ടിലെ കാർഷെഡിൽ കിളിക്കൂടുകളിൽ സൂക്ഷിച്ചിരുന്ന രണ്ടേകാൽ ലക്ഷം രൂപ വിലയുള്ള വളർത്തു പക്ഷികളെ മോഷ്ടിച്ചെടുത്ത കേസിൽ 3 പേരെ പോലീസ് പിടികൂടിയതായി സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. കീഴാറന്നൂർ സ്വദേശികളായ ശരത് (32), രജീഷ് (21), സൂരജ് (19) എന്നിവരെയാണ് കരമന പോലീസ് അറസ്റ്റ് ചെയ്തത്. ഡിസംബർ 10 നാണ് സംഭവം നടന്നത്. നെടുങ്കാട് സ്വദേശി വെങ്കിട ഗിരി യുടെ വീട്ടിൽ നിന്നും 'സൺ കോൺറെ' ഇനത്തിൽപ്പെട്ട വിലപിടിപ്പുള്ള 8 അലങ്കാര പക്ഷികളെ പ്രതികൾ മോഷ്ടിച്ചെടുത്ത് കടന്നു കളയുകയായിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് കരമന പോലിസ് നടത്തിയ അന്വേഷണത്തിൽ പ്രതികൾ പക്ഷികളെ വിൽപ്പന നടത്തിയതായി കണ്ടെത്തുകയും ചെയ്തു. തുടർന്ന് പോലീസ് മോഷ്ടാക്കളെ തിരിച്ചറിഞ്ഞതായി മനസിലാക്കിയ പ്രതികൾ ഒളിവിൽ പോകുകയായിരുന്നു. ഫോർട്ട് അസി.കമ്മീഷണർ പ്രതാപൻ നായർക്ക് ലഭിച്ച



കരമന പോലീസ് അറസ്റ്റ് ചെയ്ത
ശരത് (32), സൂരജ് (19), രജീഷ് (21)

രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കരമന എസ്.എച്ച്.ഒ

ചന്ദ്രബാബു. എസ്.ഐ പ്രതീഷ് കുമാർ, സി.പി.ഒ വിനോദ് എന്നിരടങ്ങിയ പോലീസ് സംഘമാണ് മോഷ്ടാക്കളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## തിരുവനന്തപുരം സിറ്റി പോലീസ് ഡിസ്ട്രിക്ട് ട്രെയിനിംഗ് സെന്ററും നേമം അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും ഉത്ഘാടനം ചെയ്തു

തിരുവനന്തപുരം :- തിരുവനന്തപുരം സിറ്റിയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലന ക്ലാസ്സുകൾ നടത്തുന്നതിലേയ്ക്കായി സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ പുതുതായി പണികഴിപ്പിച്ച ആധുനിക സൗകര്യങ്ങളോടു കൂടിയ *'ഡിസ്ട്രിക് ട്രെയിനിംഗ് സെന്ററിന്റെയും നേമത്ത് പണികഴിപ്പിച്ച "അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിന്റേയും"* – ഉത്ഘാടനം (02.02.2021) വൈകിട്ട് 6.00 മണിയ്ക്ക് ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോക്നാഥ് ബെഹറ ഐ.പി.എസ്, മറ്റ് ഉന്നത പോലീസ് ഓഫീസർമാരും പരിപാടികളിൽ ഓൺലൈനായി പങ്കെടുത്തു. സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ നടന്ന ചടങ്ങിൽ ബഹു. എം.എൽ.എ ശ്രീ. വി.എസ് ശിവകുമാർ ശിലാഫലകം അനാശ്ചാദനം ചെയ്തു. വാർഡ് കൗൺസിലർ മാധവദാസ്, ആർക്കിടെക്ട് ഡോ.




തിരുവനന്തപുരം സിറ്റി പോലീസ് ആസ്ഥാനത്ത് പുതുതായി പണികഴിപ്പിച്ച 'ഡിസ്ട്രിക്ട് ട്രെയിനിംഗ് സെൻറിന്റെ ശിലാഫലകം ബഹു. എം.എൽ.എ ശ്രീ. വി.എസ് ശിവകുമാർ അനാശ്ചാദനം ചെയ്യുന്നു. വാർഡ് കൗൺസിലർ മാധവദാസ് ,ആർക്കിടെക്ട് ജി.ശങ്കർ, ഡെപ്യൂട്ടി പോലീസ് കമ്മിഷണർ മുഹമ്മദ് ആരിഫ് എന്നിവർ സമീപം

ജി.ശങ്കർ, ഡെപ്യൂട്ടി പോലീസ് കമ്മിഷണർ മുഹമ്മദ് ആരിഫ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.



നേമം അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിന്റെ ഉത്ഘടനത്തോടനുബന്ധിച്ച
നടന്ന ചടങ്ങിൽ ബഹു. എം എൽ എ.ശ്രീ രാജ ഗോപാൽ നാട മുറിച്ച പ്രവേശിക്കുന്നു.
ഡി സി പി (L/O) ഡോ. ദിവ്യ വി . ഗോപിനാഥ്,ഫോർട്ട് അസി. കമ്മീഷണർ പ്രതാപൻ നായർ തുടങ്ങിയവർ സമീപം

നേമത്ത് നടന്ന ചടങ്ങിൽ ബഹു. എം എൽ എ. ശ്രീ രാജഗോപാൽ നാട മുറിച്ച പ്രവേശിച്ചു. തിരുവനന്തപുരം സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ ഡോ. ദിവ്യ വി . ഗോപിനാഥ്, ഫോർട്ട് അസി. കമ്മീഷണർ പ്രതാപൻ നായർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## <u>അറിയിപ്പ്</u>





വലിയവേളി ഗ്രൗണ്ടിനു സമീപം 29.11.20 ഉച്ചയ്ക്ക് 12.50 മണിയോട്ടുകൂടി സൈക്കിളിൽ യാത്ര ചെയ്തു വരികയായിരുന്ന സെൽവം ( 59) എന്നയാളെ ഈ ചിത്രത്തിൽ കാണുന്ന ബുള്ളറ്റ് ഇടിച്ച് പരിക്കുപറ്റി മരണപ്പെട്ടു പോയിട്ടുള്ളതാണ്. ആക്സിഡന്റിനു ശേഷം പരിക്കേറ്റയാളെ ആശുപത്രിയിലെത്തിക്കാതെ ബുള്ളറ്റുമായി കടന്നുകളഞ്ഞ ചിത്രത്തിൽ കാണുന്നയാളെയോ വാഹനത്തേയോ കുറിച്ച് എന്തെങ്കിലും വിവരം അറിയാവുന്നവർ തുമ്പ പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫോൺ നമ്പർ- 0471- 2563754

9497947106

9497980025

തിരുവനന്തപുരം സിറ്റി

03-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി